**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 349** — **13.12.2018 -ൽ മറുപടിക്ക്**

## ഉത്തരവാദിത്ത ടൂറിസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. വീണാ ജോർജ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ഒ. ആർ. കേളു | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി ) |
| എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ നടപ്പിലാക്കിയതുമൂലമുള്ള നേട്ടങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എത്തുന്ന സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാനും ടൂറിസം അനുബന്ധ കുറ്റകൃത്യങ്ങൾ തടയാനും ഉന്നതതല കർമ്മസേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാനും ടൂറിസം അനുബന്ധ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി തടയാനും സർക്കാർ കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. അതുപോലെ ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ സർക്കാർ വിഭാവനം ചെയ്യുന്നു. |
| സി) ഇതിന്റെ ഭാഗമായി ടൂറിസം പോലീസിനെ ശാക്തീകരിക്കുന്നതിനും അംഗീകൃത ടൂറിസ്റ്റ് ഗൈഡുകൾക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) ടൂറിസം കേന്ദ്രങ്ങളിലെ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ടൂറിസം പോലീസ് ഉദ്യോഗസ്ഥർക്ക് ജൂൺ മാസം 11-ാം തീയതി മുതൽ ജൂലൈ മാസം 4-ാം തീയതി വരെ ആറ് ബാച്ചുകളിലായി കിറ്റ്സ് മുഖേന പരിശീലനം നൽകുകയുണ്ടായി. ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ |

ആവശ്യകത, ഉത്തരവാദിത്ത ടൂറിസം, ആശയവിനിമയ നൈപുണ്യം, സൈബർ സെക്യൂരിറ്റി തുടങ്ങിയ വിഷയങ്ങളിൽ മൂന്ന് ദിവസം നീണ്ടുനിന്ന പരിശീലന മാണ് നൽകിയത്. ഇതിനകം 161 ടൂറിസം പോലീസ് (വിവിധ തസ്തികയിലുള്ള) ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി.

സംസ്ഥാനത്ത് കൂടുതലായി ഗൈഡുമാരുടെ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 50 സ്റ്റേറ്റ് ലവൽ ഗൈഡുമാരുടെയും 150 ജില്ലാതല ഗൈഡുമാരുടെയും തെരഞ്ഞെടുപ്പ് പൂർത്തിയാക്കുകയും ഇവർക്ക് 2 മാസ കാലാവധിയുള്ള ഒരു പരിശീലന പരിപാടി ആരംഭി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഡി) സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ പേരിൽ ഇന്റർനാഷണൽ ട്രാവൽ ടൂറിസം ഗോൾഡ് അവാർഡ് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡി) നവംബർ 4 മുതൽ 6 വരെ ലണ്ടനിൽ നടന്ന ഡബ്ല്യു.ടി.എം (വേൾഡ് ട്രാവൽ മാർട്ട്) 2018 ൽ കേരള ടൂറിസം രണ്ടു സുവർണ പുരസ്കാരങ്ങൾ നേടി. ' ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം ' എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ് നേടിക്കൊണ്ട് കേരള ടൂറിസം ഈ വിഭാഗത്തിലെ പ്രഥമ അവാർഡ് ജേതാവായി മാറി യിരിക്കുന്നു. ആദ്യമായിട്ടാണ് 'ബെസ്റ്റ് ഇൻ റെസ്പോൺ സിബിൾ ടൂറിസം' എന്ന വിഭാഗത്തിൽ ഒരു അന്താ രാഷ്ട്രാ പുരസ്കാരം നൽകുന്നത്. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് 2018 ലെ 'ബെസ്റ്റ് ഫോർ മാനേജിംഗ് സക്സസ്' എന്ന വിഭാഗ ത്തിൽ സുവർണ ചകോരം കരസ്ഥമാക്കിക്കൊണ്ട് കുമരകത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വീണ്ടും മികവ് തെളിയിച്ചിരിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ചിട്ടയായ പ്രവർത്തനങ്ങളുടെ ഫലമായാണ് കേരള ടൂറിസം വീണ്ടും ആഗോള തലത്തിൽ അംഗീകാരം നേടിയിരിക്കുന്നത്.

2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം 3 അന്താരാഷ്ട്ര അവാർഡുകളും, 3 നാഷണൽ അവാർഡുകളും ഉൾപ്പെടെ 6 അവാർഡുകളാണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ളത്.

**<u>അവാർഡുകൾ</u>**

1. 2017-ൽ ഡബ്ല്യു.ടി.എം-ന്റെ ഹൈലി കമെൻഡഡ് അവാർഡ് -കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്.

2. 2018-ലെ 'ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം ' എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ് - കേരള ടൂറിസം, റെസ്പോൺസിബിൾ ടൂറിസം മിഷൻ

3. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് -2018 ലെ ബെസ്റ്റ് ഫോർ മാനേജിംഗ് സക്സസ്- കുമരകം

4. 2018 ലെ ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് - ഔട്ട്സ്റ്റാൻഡിംഗ് അച്ചീവ്മെന്റ് അവാർഡ് - കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ

5. നാഷണൽ ടൂറിസം അവാർഡ് 2015-16 ലെ 'ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ് കാറ്റഗറി - കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി

6. നാഷണൽ ടൂറിസം അവാർഡ് 2016-17 ലെ ' മോസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട് ഇനിഷ്യേറ്റീവ്' എന്ന വിഭാഗത്തിൽ വയനാട് ഉത്തരവാദിത്ത ടൂറിസം പദ്ധതി.

Sandhya

സെക്ഷൻ ഓഫീസർ